# ‘ദൈവത്തിന്റെ പരമാധികാരത്തിൽ വിശ്വസിക്കുക’

## ഉൽപ്പത്തി 37:18-19

**“അവർ അവനെ ദൂരത്തു നിന്നു കണ്ടിട്ടു അവനെ കൊല്ലേണ്ടതിന്നു അവൻ അടുത്തുവരുംമുമ്പെ അവന്നു വിരോധമായി ദുരാലോചന ചെയ്തു: അതാ, സ്വപ്നക്കാരൻ വരുന്നു; വരുവിൻ, നാം അവനെ കൊന്നു ഒരു കുഴിയിൽ ഇട്ടുകളക;”**

ദൈവത്തിന്റെ പരമാധികാരം (soverign power) യോസേഫിന്റെ ജീവിതത്തിൽ ആവർത്തിച്ച് പ്രവർത്തിക്കുന്നത് നമുക്ക് കാണാം. അതുപോലെതന്നെയാണ് ദൈവത്തിന് നമ്മുടെ ജീവിതത്തെ സംബന്ധിച്ചും, കൃത്യമായ പദ്ധതിയും ഉദ്ദേശവുമുണ്ട്. അത് തകർക്കുവാൻ ആർക്കും കഴിയുകയില്ല.. സഹോദരങ്ങൾക്കോ, സ്വന്ത മാതാ-പിതാക്കൾക്കോ.. ആർക്കും. **യിരമ്യാവിലൂടെ (29:11)** ദൈവം പറയുന്നു, “നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു.” എന്നാൽ ആ പദ്ധതി എന്നിൽ നിറവേറണമെങ്കിൽ യോസേഫിനെപ്പോലെ ദൈവഹിതത്തിന് നാം നമ്മെത്തന്നെ സമർപ്പിക്കേണ്ടിയിരിക്കുന്നു.

യോസേഫിന്റെ സഹോദരന്മാരുടെ അസൂയയെ, തനിക്കു യോസേഫിനെക്കുറിച്ചുള്ള പദ്ധതി നിവൃത്തിയാക്കുവാൻ തക്കവണ്ണം ദൈവം ക്രമീകരിച്ചു. മറ്റുള്ളവർ നമ്മെ ദ്രോഹിക്കുവാൻ ഇടുന്ന പദ്ധതികൾ പോലും നമ്മുടെ നന്മക്കായി ക്രമീകരിക്കുവാൻ ദൈവത്തിനു സാധിക്കും. **റോമർ 8:28** ൽ കാണുന്നു – “എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.” ചില ശോധനകൾ നേരിടേണ്ടി വന്നേക്കാം. ഒരടിമ എന്ന നിലയിൽ യോസേഫിനും വളരെ കഷ്ടങ്ങൾ നേരിടേണ്ടി വന്നു. എന്നാൽ അതിലൂടെ ദൈവത്തിന്റെ പദ്ധതി അവനിൽ നിവൃത്തിയായി.

ദൈവത്തിന്റെ പരമാധികാരത്തിൽ വിശ്വസിച്ച് യോസേഫിന്റെ ദൈവം എന്റെയും കൂടി ദൈവമാണ് എന്ന് ഹൃദയത്തിൽ ഉറച്ചാൽ എന്റെ ജീവിതത്തിലെ പ്രതികൂലങ്ങളെ

നേരിടുവാൻ ശക്തി ലഭിക്കും. പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുമെങ്കിൽ എത്ര ആളുകൾ എന്നോട് അസൂയപ്പെട്ടാലും, ദ്രോഹിച്ചാലും, അതൊന്നും എന്നെപ്പറ്റിയുള്ള ദൈവിക പദ്ധതി തടസ്സപ്പെടുത്തില്ല.

**പരാമർശം :**

വിലാപങ്ങൾ 3:37

**കർത്താവു കല്പിക്കാതെ ആർ പറഞ്ഞിട്ടാകുന്നു വല്ലതും സംഭവിക്കുന്നതു?**

**ബ്രദർ ജോബി ജയിംസ് ചങ്ങനാശ്ശേരി 004**